യുടെ 97.8% ഇതിനുപുറമെ സംസ്ഥാനങ്ങൾക്കിടയിൽ നികുതി പങ്കുവയ്ക്കുന്നതിനായി ഒരു ബദൽ നികുതി ഫോർമുലയും (ആൾട്ടർനേറ്റീവ് ഡെവല്യൂഷൻ സ്കീം) പത്താം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് ആകെ കേന്ദ്ര നികുതികളുടെ മൊത്ത വരുമാനത്തിന്റെ 26% സംസ്ഥാനങ്ങൾക്ക് നൽകണം. കൂടാതെ ടാക്സ് റെന്റൽ സംവിധാനം നിർത്തലാക്കുകയും അധിക എക്സൈസ് തീരുവ അടിസ്ഥാന എക്സൈസ് തീരുവയിൽ ലയിപ്പിക്കുകയും വേണം. ഇപ്രകാരം ചെയ്ത ശേഷം കേന്ദ്രത്തിന്റെ ആകെ നികുതി വരുമാനത്തിന്റെ 3% കൂടി സംസ്ഥാനങ്ങൾക്ക് നൽകണം. അങ്ങനെ ആകെ 29% നികുതി വിഹിതം സംസ്ഥാനങ്ങൾക്ക് വീതിക്കണം. ഈ ശുപാർശ ഇതുവരെ നടപ്പിലാക്കിയിട്ടില്ല.

(സി) ഇതു സംബന്ധിച്ച് സംസ്ഥാനത്തിന് കേന്ദ്രത്തിൽനിന്നും അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

ഏഷ്യൻ വികസന ബാങ്ക് വായ്പ

3 (1826) ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഷ്യൻ വികസന ബാങ്കിൽനിന്നും എത്ര കോടി രൂപയുടെ വായ്പയാണ് സംസ്ഥാനം എടുക്കുന്നത്;

(ബി) ഗ്രാന്റും തിരിച്ചടയ്ക്കേണ്ട തുകയും എത്ര വീതമാണ്;

(സി) തിരിച്ചടയ്ക്കേണ്ട തുകയുടെ പലിശ എത്രയാണ്;

(ഡി) ഇത് എത്ര കാലംകൊണ്ട് തിരിച്ചടയ്ക്കണം;

(ഇ) ഏതെല്ലാം പദ്ധതികൾക്കായിട്ടാണ് ഈ തുക വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നത്;

(എഫ്) വായ്പ തിരിച്ചടയ്ക്കുന്നത് സംബന്ധിച്ച വിശദ വിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(എഫ്) ഏഷ്യൻ വികസന ബാങ്കുമായി ഇക്കാര്യത്തിൽ മൂന്നു വട്ടം ചർച്ച നടത്തി അന്തിമഘട്ട ചർച്ചകൾക്കുശേഷം മാത്രമേ ഇക്കാര്യങ്ങളെ സംബന്ധിച്ചുള്ള വിശദാംശങ്ങളിൽ തീരുമാനമാകുകയുള്ളൂ.

പ്ലാൻ-നോൺപ്ലാൻ ചെലവുകൾക്ക് നീക്കിവച്ച തുക

4 (1827) ശ്രീ. അടൂർ പ്രകാശ് :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ബഡ്ജറ്റിൽ പ്ലാൻ ചെലവുകൾക്കും നോൺപ്ലാൻ ചെലവുകൾക്കുമായി നീക്കിവച്ച തുക എത്രവീതമായിരുന്നു;

(ബി) ഇതിൽ 2000 ജനുവരി 31 വരെ ഈ ഓരോ ഇനത്തിൽനിന്നും എന്തു തുക വീതം ചെലവായി;

LIBRARY ARCHIVES Kerala Legislative Assembly